(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം സർക്കാരിനും ജനങ്ങൾക്കുമിടയിൽ കണ്ണിയായി വർത്തിക്കുകയെന്നതാണ്. അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്ക് പുറമേ, ഫീൽഡ് പബ്ലിസിറ്റി വിഭാഗവും ഇതിനായി പ്രത്യേകം പ്രവർത്തിക്കുന്നു. പ്രത്യേക പ്രചാരണ പരിപാടികളും ആവശ്യമായ ഘട്ടങ്ങളിൽ നടത്തിവരുന്നു. ജനങ്ങളുടെ പ്രതികരണങ്ങൾ സർക്കാരിന് ലഭ്യമാക്കുന്നതിനുള്ള സംവിധാനവും വകുപ്പിലുണ്ട്. കൂടാതെ സുതാര്യ കേരളം പരിപാടിയിലൂടെ മുഖ്യമന്ത്രിയുമായി നേരിട്ട് വീഡിയോ കോൺഫറൻസിംഗിലൂടെ പരാതി പരിഹാരത്തിനും സംവിധാനമുണ്ട്.

(ബി) സർക്കാരിന്റെ വികസന ക്ഷേമ പരിപാടികളെക്കുറിച്ച് വിവരങ്ങൾ യഥാസമയം ജനങ്ങൾക്കെത്തിക്കുക, ജനങ്ങളുടെ പ്രതികരണങ്ങളും മാധ്യമങ്ങളുടെ വിലയിരുത്തലുകളും സർക്കാരിന് നൽകി വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾക്ക് സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കുള്ളത്.

(സി) ഡയറക്ടറേറ്റിലും ജില്ലാതലത്തിലും ന്യൂഡൽഹിയിലും പ്രവർത്തിക്കുന്ന ഓഫീസുകളിലൂടെയാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വകുപ്പിന്റെ സ്ഥിരം പ്രവർത്തനങ്ങളും പുതിയ പദ്ധതികളും ഏകോപിപ്പിക്കുന്നതിനും പുതുതായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയും ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നിരീക്ഷണ സംവിധാനവുമുണ്ട്. പ്രത്യേക പ്രചാരണ പരിപാടികൾ ഏറ്റെടുക്കുമ്പോൾ അവയ്ക്കായി പ്രത്യേകം മേൽനോട്ട സമിതികളും രൂപീകരിക്കാറുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

23 (5370) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ വേതനമായി എത്ര തുക നൽകുകയുണ്ടായി ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലാളിക്ഷാമം നേരിടുന്ന മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നകാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 149904.27 ലക്ഷം രൂപ വേതനമായി സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	വേതനമായി വിതരണം ചെയ്ത തുക (ലക്ഷത്തിൽ)
പാലക്കാട്	14165.6
വയനാട്	6414.31
ഇടുക്കി	12444.28
കാസർഗോഡ്	7165.85
ആലപ്പുഴ	13557.6
എറണാകുളം	8606.73
കണ്ണൂർ	6177.2
കൊല്ലം	11313.38
കോട്ടയം	6623.25
കോഴിക്കോട്	13498.98
മലപ്പുറം	11377.13
പത്തനംതിട്ട	6573.28
തിരുവനന്തപുരം	21782.73
തൃശ്ശൂർ	10203.96

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലാളിക്ഷേമം നേരിടുന്ന മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനായി നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, കയർ നിർമ്മാണം, ഖാദി/കൈത്തറി മേഖലയിലെ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ ഇനങ്ങളായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

സാമൂഹിക സാമ്പത്തിക ജാതി സെൻസസ്

24 (5371) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയുടെ അന്തിമ ലിസ്റ്റുകൂടി ജനറേറ്റ് ചെയ്യാനുണ്ട്.

കോഴിക്കോട് ജില്ലയിലെ ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി പ്രവൃത്തികൾ

25 (5372) ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസി മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി നൽകിയ ഏതെങ്കിലും പ്രവൃത്തികൾ റദ്ദ് ചെയ്യുകയോ, മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) കോഴിക്കോട് ജില്ലയിലെ പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly